"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജലവിഭവ വകുപ്പ് - കേരള വാട്ടർ അതോറിറ്റി - ശാരീരികമായും മാനസികമായും വെല്ലുവിളികൾ നേരിടുന്നവർക്കും പൂർണമായും സൗജന്യ സേവനം നൽകുന്ന അനാഥാലയങ്ങൾ / വൃദ്ധമന്ദിരങ്ങൾക്കും പുതുക്കിയ വാട്ടർ ചാർജ്ജിൽ 50% ഇളവ് അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ജലവിഭവ (ജലവിതരണ ബി ) - വകുപ്പ്**

സ.ഉ.(സാധാ) നം.179/2026/WRD തീയതി,തിരുവനന്തപുരം, 23-02-2026

---

പരാമർശം:- 1. 03.02.2023 തീയതിയിലെ GO (Ms) No.11/2023/WRD നമ്പർ ഉത്തരവ്

2. 12.08.2024-ന് നടന്ന കേരള വാട്ടർ അതോറിറ്റിയുടെ 437-) മത് ബോർഡ് മീറ്റിംഗിലെ 11349 നമ്പർ തീരുമാനം.

3 കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 02.09.2024-ലെ KWA/HO/HMC/R1/400/2023 നമ്പർ കത്ത്

**ഉത്തരവ്**

കേരള വാട്ടർ അതോറിറ്റിയുടെ എല്ലാ വിഭാഗം ഉപഭോക്താക്കൾക്കും ലിറ്ററിന് ഒരു പൈസ നിരക്കിൽ വാട്ടർ ചാർ ജ്ജ് വർദ്ധിപ്പിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. നിലവിൽ 15 കിലോ ലിറ്റർ വരെ പ്രതിമാസ ഉപഭോഗമുള്ള BPL ഉപഭോക്താക്കൾക്ക് കുടിവെള്ളം സൗജന്യമായും ഓർഫനേജ് കൺട്രോൾ ബോർഡിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അനാഥാലയങ്ങൾക്കും വൃദ്ധമന്ദിരങ്ങൾക്കും ഗാർഹിക നിരക്കിലുമാണ് കുടിവെള്ളം നൽകി വരുന്നത്.

2. ശാരീരികമായും മാനസികമായും വെല്ലുവിളികൾ നേരിടുന്നവർക്കും പൂർണമായും സൗജന്യ സേവനം നൽകുന്ന അനാഥാലയങ്ങൾ / വൃദ്ധ മന്ദിരങ്ങൾക്കും വ്യവസ്ഥകൾക്ക് വിധേയമായി പുതുക്കിയ വാട്ടർ ചാർജ്ജിൽ 50% ഇളവ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട പരാമർശം 2-ലെ കേരള വാട്ടർ അതോറിറ്റി ബോർഡ് യോഗതീരുമാനം സർക്കാരിന്റെ പരിഗണനയ്ക്കായി പരാമർശം (3) പ്രകാരം കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സമർപ്പിച്ചു

3. സർക്കാർ പ്രസ്തുത വിഷയം വിശദമായി പരിശോധിക്കുകയും 12.08.2024-ന് നടന്ന കേരള വാട്ടർ അതോറിറ്റിയുടെ 437-) മത് ബോർഡ് മീറ്റിംഗിലെ 11349 നമ്പർ തീരുമാനം അംഗീകരിച്ച്, വാർഷിക വരുമാനം രണ്ട് ലക്ഷം രൂപയ്ക്ക് താഴെയും ജല ഉപഭോഗം പ്രതിമാസം 15 കിലോ ലിറ്ററിനു താഴെയും ഉള്ള 40 ശതമാനമോ അതിലധികമോ ഓട്ടിസം/അംഗവൈകല്യം ബാധിച്ച അംഗങ്ങളുള്ള കുടുംബത്തിനും ഓർഫനേജ് കൺട്രോൾ ബോർഡിന്റെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും സേവനം പൂർണ്ണമായും സൗജന്യമായി നൽകുന്നതുമായ അനാഥാലയങ്ങൾ, വൃദ്ധമന്ദിരങ്ങൾ എന്നിവയ്ക്ക് 60 കിലോ ലിറ്റർ വരെയുള്ള

പ്രതിമാസ ഉപഭോഗത്തിനും പരാമർശം (1) പ്രകാരം നിലവിൽ വന്ന വർദ്ധിപ്പിച്ച വാട്ടർ ചാർജിൽ 50% വരെ ഇളവ് ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ച് ഉത്തരവാകുന്നു.

**ഇളവ് അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ:**

- വാർഷിക വരുമാനം രണ്ടു ലക്ഷം രൂപയിൽ താഴെ ആയിരിക്കണം.
- വെള്ളത്തിന്റെ ഉപഭോഗം പ്രതിമാസം 15 കിലോ ലിറ്ററോ അതിൽ താഴെയോ ആയിരിക്കണം.
- ആനുകൂല്യം ലഭിക്കുന്നതിന് ഉപഭോക്താവ് പ്രത്യേക അപേക്ഷ നൽകേണ്ടതാണ്.
- ഉപഭോക്താവിന് ഒരു സമയം ഒരു ഇളവ് മാത്രമേ അനുവദിക്കൂ.
- ഉപഭോക്താവ് നിശ്ചിത രേഖകൾ സമർപ്പിച്ച് ഈ ആനുകൂല്യം എല്ലാ വർഷവും മാർച്ച് 31-ന് മുമ്പ് പുതുക്കേണ്ടതുണ്ട്.
- പുതുക്കാത്ത പക്ഷം ആനുകൂല്യം നിർത്തലാക്കുന്നതും, വീണ്ടും അപേക്ഷിക്കുന്ന മുറയ്ക്ക് മുൻകാല പ്രാബല്യമില്ലാതെ പുനസ്ഥാപിക്കുന്നതുമാണ്.
- വാട്ടർ അതോറിറ്റിയുടെ ബില്ലിംഗ് സോഫ്റ്റ് വെയറിൽ പ്രസ്തുത ഇളവ് നടപ്പിലാക്കുന്ന മുറയ്ക്ക് മാത്രമേ ആനുകൂല്യങ്ങൾ നൽകാൻ സാധിക്കുകയുള്ളൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

To,
മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
ഇൻഫോർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Smitha T L
Date: 23-02-2026 15:10:45
സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു ജല വിഭവ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ജലവിഭവ വകുപ്പ് അഡിഷണൽ ചിഫ് സെക്രട്ടറിയുടെ പി. എസ്-ന്